# Mathrubhumi

# 23 August 2018

# Chenghannur, After Flood, Flood Victims



ചെങ്ങന്നൂർ എൻജിനീയറിങ് കോളേജിലെ ദുരിതാശ്വാസ ക്യാമ്പിൽനിന്ന് ദുരൈ പുറത്തേക്കുവരുന്നു

## പ്രതീക്ഷയാണ് ദുരൈ

രാജേഷ് രവീന്ദ്രൻ
ചെങ്ങന്നൂർ

▸ പ്രളയം വിഴുങ്ങിയ ചെങ്ങന്നൂരിൽ ഒരു മുഖത്തും ചിരി കണ്ടിട്ടില്ല. എല്ലാവരുടെയും മുഖത്ത് നഷ്ടമായതെല്ലാം എങ്ങനെ വീണ്ടെടുക്കുമെന്ന ആകുലതമാത്രം. പക്ഷേ, ചെങ്ങന്നൂർ എൻജിനീയറിങ് കോളേജിലെ ദുരിതാശ്വാസ ക്യാമ്പിൽ എല്ലാം വീണ്ടെടുക്കാമെന്ന പ്രതീക്ഷയിൽ ചിരിക്കുന്ന മുഖത്തോടെ ഒരാളുണ്ട്. തമിഴ്നാട് സ്വദേശി ദുരൈ. ഇരുകാലുകളും തളർന്ന ദുരൈ കൈകരം കുത്തി ഇഴഞ്ഞുനീങ്ങുമ്പോഴും എല്ലാം വീണ്ടെടുക്കാനാകുമെന്ന ശുഭപ്രതീക്ഷയിലാണ്.

വെള്ളമിറങ്ങിയെന്നറിഞ്ഞപ്പോൾ വാടകവീട് വൃത്തിയാക്കാനായിരുന്നു ആദ്യ തീരുമാനം. വീട്ടിലേക്കുള്ള യാത്രയ്ക്കിടയിലും വെള്ളമിറങ്ങിയതിന്റെ സന്തോഷം എല്ലാവരോടും പങ്കുവെച്ചായിരുന്നു യാത്ര.

പത്തനംതിട്ട ജില്ലയിലെ ആറാട്ടുപുഴയ്ക്കടുത്ത് റോഡരികിൽ സൈക്കിൾ റിപ്പയറിങ് നടത്തുകയായിരുന്നു ദുരൈ. വെള്ളത്തിന്റെ കുത്തൊഴുക്കിൽ റിപ്പയറിങ് ഷെഡ് ഒലിച്ചുപോയി. ഒപ്പം, മുച്ചക്ര സൈക്കിളും.

പയനിമുട്ടിലെ വാടകവീട്ടിൽ അമ്മ രുഗ്മിണി(90)യുമൊത്ത് കഴിയുമ്പോഴാണ് വെള്ളം ഇരച്ചുകയറിയത്. കൈകരം മാത്രമുപയോഗിച്ച് നിന്താനറിയാവുന്ന ദുരൈയ്ക്ക് രക്ഷപ്പെടാൻ പ്രയാസമുണ്ടായില്ല. പിന്നെ, അമ്മയ്ക്കൊപ്പം ചെങ്ങന്നൂർ എൻജിനീയറിങ് കോളേജിലെ ക്യാമ്പിലെത്തി. ഇപ്പോൾ ക്യാമ്പിലുള്ളവർക്കാകെ ആശ്വാസമാണ് ദുരൈ. സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരാൻ അവരെ പ്രചോദിപ്പിക്കാൻ ദുരൈയുടെ ഡയലോഗുമുണ്ട്. അതിങ്ങനെ: "വെള്ളത്തിൽ എല്ലാം നഷ്ടമായി. കൈയിൽ സമ്പാദ്യമായി ഒന്നുമില്ല. ആദ്യം വാടകവീട്ടിലെ ചെളി കോരിക്കളഞ്ഞ് ഒന്ന് നന്നായി ഉറങ്ങണം. പിന്നെ ഒന്നിൽനിന്ന് തുടങ്ങി ജീവിതം കരുപ്പിടിപ്പിക്കണം."

തമിഴ്നാടാണ് സ്വദേശമെങ്കിലും അവിടെ ബന്ധുക്കളില്ല. പതിന്നാലാം വയസ്സിൽ അമ്മയുമായി കേരളത്തിലെത്തിയതാണ്. എത്ര ദുരന്തമുണ്ടായാലും എന്തെങ്കിലും ജോലിചെയ്ത് ഇവിടത്തന്നെയുണ്ടാകും. നഷ്ടമായതൊന്നും ഒരു നഷ്ടമല്ല, ജീവൻ തന്നെയാണ് ഏറ്റവും വലിയ സമ്പത്ത്. അതുണ്ടല്ലോ? ചിരിച്ചുകൊണ്ട് ദുരൈ കൈ കുത്തി ഇഴഞ്ഞു നീങ്ങുന്നു മുന്നോട്ട്.